# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.03.2015 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1127**

### അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ

**ചോദ്യം**

ശ്രീ. റ്റി.യു. കുരുവിള

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകളുടെ വിശദവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) അനംഗീകൃതമായി പ്രവർത്തിച്ചു വരുന്ന വിദ്യാലയങ്ങൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കാതിരിക്കുകയും വകുപ്പിനെ സ്ഥാപനം നടത്തി വരുന്ന വിവരം അറിയിക്കാതിരിക്കയും ചെയ്യുന്ന സാഹചര്യത്തിൽ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ വിദ്യാഭ്യാസ വകുപ്പുദ്യോഗസ്ഥർ നടത്തിയ അന്വേഷണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന അനംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 78 |
| കൊല്ലം | - | 24 |
| ആലപ്പുഴ | - | 189 |
| പത്തനംതിട്ട | - | 136 |
| കോട്ടയം | - | 59 |
| ഇടുക്കി | - | 39 |
| എറണാകുളം | - | 82 |
| തൃശ്ശൂർ | - | 48 |
| പാലക്കാട് | - | 168 |
| മലപ്പുറം | - | 127 |
| കോഴിക്കോട് | - | 63 |
| കണ്ണൂർ | - | 123 |
| വയനാട് | - | 29 |
| കാസർഗോഡ് | - | 52 |
| ആകെ | - | 1217 |

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ച് വർഷത്തിൽ കൂടുതലായി പ്രവർത്തിക്കുന്ന മുഴുവൻ സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കാൻ പാടില്ല എന്ന നിബന്ധന ഉള്ളതിനാൽ സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ. (എം.എസ്.) നമ്പർ 184/2013/ പൊ.വി. തീയതി 10.06.2013 പ്രകാരം സർക്കാർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. ഇതു പ്രകാരം അംഗീകാരമില്ലാത്ത വിദ്യാലയങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയും 31.12.2014 വരെ അപേക്ഷ നൽകുന്നതിന് സമയ പരിധി നൽകുകയും ചെയ്തിരുന്നു. ലഭിച്ച അപേക്ഷകളിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ അംഗീകാരത്തിനായുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. ആവശ്യമായ ഭൗതിക സാഹചര്യം, ആവശ്യമായ കുട്ടികൾ, സ്ഥല സൗകര്യം എന്നിവയില്ലാത്ത വിദ്യാലയങ്ങളെ അഞ്ചുവർഷം പൂർത്തീകരിച്ചു എന്ന കാരണത്താൽ പരിഗണിക്കുവാൻ നിലവിലെ മാനദണ്ഡ. മനുസരിച്ച് കഴിയുകയില്ല.

(സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളുടെ സഹകരണത്തോടു കൂടി പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) അംഗീകാരം ലഭിക്കുന്ന വിദ്യാലയങ്ങൾ പൊതുധാരയിൽ വരുമെന്നതിനാൽ അത്തരം വിദ്യാലയങ്ങൾക്ക് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ മികച്ച പങ്ക് വഹിക്കാനാവുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ